ചെയ്യുന്നതിന് സർക്കാരിന് നിർദ്ദേശം നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ചില ഭൂവുടമകൾ ബഹു. ഹൈക്കോടതിയെ സമീപിക്കുകയും അനുകൂല വിധി സമ്പാദിക്കുകയും ചെയ്തു. എന്നാൽ മുല്ലയ്ക്കലിൽ തന്നെ ടെർമിനൽ പണിയുന്നതിനോട് സർക്കാർ വിയോജിക്കുന്നതിനാൽ ഹൈക്കോടതി വിധിക്കെതിരെ ബഹു. സുപ്രീം കോടതിയെ സമീപിക്കുകയും, വിധി ഉടൻ നടപ്പാക്കുന്നതിനെതിരെ സ്റ്റേ ഉത്തരവ് സമ്പാദിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത സ്റ്റേ ഉത്തരവ് ഇപ്പോഴും നിലവിലുണ്ട്.

(സി) ചില വ്യക്തികൾ എതിർപ്പ് പ്രകടിപ്പിച്ചിട്ടുണ്ട്.

(ഡി) കേന്ദ്ര ഗവൺമെന്റിനോടും ഇൻലാന്റ് വാട്ടർ അതോറിറ്റിയോടും ടെർമിനൽ മാറ്റി സ്ഥാപിക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

ആലപ്പുഴ നഗരത്തിലെ കനാലുകൾ നവീകരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ

79 [236] ശ്രീ. കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ നഗരത്തിലെ പുരാതനമായ കനാലുകൾ നവീകരിക്കുന്നതിനും സൗന്ദര്യവൽക്കരിക്കുന്നതിനും സർക്കാർ ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്;

(ബി) ഇതിന്റെ പുരോഗതി ഏതുവരെയായിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഉത്തരം

(എ ആന്റ് ബി) ആലപ്പുഴ നഗരത്തിലെ കനാലുകൾ നവീകരിക്കുന്നതിനും സൗന്ദര്യവൽക്കരിക്കുന്നതിനുമായി ടൂറിസം വകുപ്പ്, 151 ലക്ഷം രൂപയുടെ ഒരു പദ്ധതി നടപ്പാക്കുന്നതിനായി ജലവിഭവ വകുപ്പിന് തുണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതിക്കായി ജലവിഭവ വകുപ്പ് ടെൻഡർ വിളിച്ചിട്ടുണ്ട്. ഈ പദ്ധതി മാർച്ച് മാസത്തോടുകൂടി പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

ആലപ്പുഴ പട്ടണത്തിലെ കനാലുകൾ നവീകരിക്കുവാൻ നാട്പാക് പദ്ധതി

80 [237] ശ്രീ. കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ പട്ടണത്തിലെ കനാലുകൾ നവീകരിക്കുന്നതിനായി നാട്പാക് പദ്ധതികൾ എന്തെങ്കിലും സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly